# മധുരമായ കുട്ടികളേ – നിങ്ങൾക്ക് നിശ്ചയമുണ്ട് നമ്മൾ സംഗമത്തിൽ ഭാവിയിലേക്കുള്ള സമ്പാദ്യത്തിനായി പഠിക്കുകയാണ്, ബാബ നമ്മളെ പഠിപ്പിച്ച് 21 ജന്മത്തേക്കുള്ള സമ്പത്ത് നൽകുന്നു

**ചോദ്യം:–** സ്വയം തന്നിൽ കൃപ അഥവാ ആശീർവ്വാദം ചെയ്യുന്നതിന്റെ വിധി എന്താണ്?
**ഉത്തരം:–** സ്വയം തന്നിൽ കൃപ അഥവാ ആശീർവ്വാദം ചെയ്യുന്നതിന് വേണ്ടി ബാബയുടെ പഠിപ്പ് ദിവസവും പഠിച്ചുകൊണ്ടിരിക്കൂ. ഒരിക്കലും സംഗദോഷത്തിൽ പെട്ട് പഠിപ്പിൽ ഉപേക്ഷ കാണിക്കരുത്. ആരാണോ സദാ ശ്രീമത്തനുസരിച്ച് നടക്കുന്നത് അവർ സ്വയം തന്റെ മേൽ കൃപ കാണിക്കുന്നു, അവർക്ക് ബാബയുടെ ആശീർവ്വാദവും ലഭിച്ചുകൊണ്ടിരിക്കുന്നു.

**ഗീതം:–** ഞാനൊരു പിഞ്ചുപൈതലാണ്......

**ഓം ശാന്തി**. ശിവ ഭഗവാനുവാച, മനുഷ്യർ ഗീത കേൾപ്പിക്കുമ്പോൾ എപ്പോഴും സാകാരിയായ കൃഷ്ണ ഭഗവാനുവാചയെന്ന് പറയുന്നു. ബാബ വന്ന് മനസ്സിലാക്കി തരുന്നു നിങ്ങൾക്ക് ഞാനിപ്പോൾ രാജ്യഭാഗ്യം പ്രാപ്തമാക്കിത്തരികയാണ്– ഈ രാജയോഗത്തിലൂടെയും ജ്ഞാനത്തിലൂടെയും. കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനായിരുന്നു. ഗീതയിലുള്ള മുഖ്യമായ തെറ്റ് ഇക്കാര്യത്തിലാണ്. നിങ്ങൾ കുട്ടികൾക്കറിയാം ശിവഭഗവാൻ ഈ ശരീരത്തിലൂടെ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ശിവജയന്തിയുടെയും മഹിമയുണ്ട്. ആ ജന്മദിനവും ആഘോഷിക്കാറുണ്ട്. ആത്മാവിന് ഒരേഒരു പേരാണുള്ളത്. ബാബ പറയുന്നു ഞാൻ ഗർഭത്തിലൂടെ ജന്മമെടുക്കുന്നില്ല. ഞാൻ സാധാരണ ശരീരത്തിലേക്ക് പ്രവേശിക്കുന്നു. ആത്മാവ് എപ്പോഴാണോ ശരീരത്തിലേക്ക് പ്രവേശിക്കുന്നത് അപ്പോൾ ഉള്ളിൽ അനക്കമുണ്ടാക്കുന്നു. ഉള്ളിൽ ആത്മാവ് പ്രവേശിച്ചിരിക്കുന്നു എന്ന് അറിയാൻ സാധിക്കും. കുട്ടിയുടെ അവയവങ്ങൾ ഇളകാൻ തുടങ്ങുന്നു. ഈ കാര്യം നല്ല രീതിയിൽ മനസ്സിലാക്കണം. മറ്റ് ഏതെല്ലാം മനുഷ്യർ കേൾപ്പിക്കുന്നുവോ അവരൊരിക്കലും ഞാൻ ആത്മാവ് നിങ്ങൾക്ക് മനസ്സിലാക്കി തരികയാണെന്ന് പറയില്ല. അവർക്ക് പ്രസിദ്ധിയുള്ളത് ശരീരത്തിനാണ്. ഈ ബാബ വിചിത്രനാണ്, ബാബയ്ക്ക് സ്വന്തം ശരീരമില്ല. ശരീരധാരിയെ ഒരിക്കലും ഭഗവാനെന്ന് പറയരുത്, സ്ഥൂല ദേഹധാരിയോ സൂക്ഷ്മ ദേഹധാരിയോ ആരുമാകട്ടെ! ആത്മാവ് ഈ ശരീരത്തിലൂടെ പരംപിതാ പരമാത്മാവിനെ ഓർമ്മിക്കുന്നു. മറ്റുള്ളവരിരുന്ന് മനുഷ്യരുണ്ടാക്കിയ ശാസ്ത്രമാണ് കേൾപ്പിക്കുന്നത്. ഇവിടെ ഇത് പുതിയ കാര്യമാണ്. ഭഗവാനുവാച, ഭഗവാൻ ആരാണ്? ആരെയാണോ എല്ലാവരും ഹേ ഭഗവാൻ എന്ന് പറഞ്ഞ് ഓർമ്മിക്കുന്നത്. ബ്രഹ്മാ, വിഷ്ണു, ശങ്കരൻമാരുടെ പേരറിയാം. അല്ലയോ ബ്രഹ്മാവേ, അല്ലയോ വിഷ്ണു എന്ന് പറഞ്ഞ് വിളിക്കാറുണ്ട്, അവർ ദേവതകളാണ്. ഭഗവാനെന്ന് പറയുന്നതിലൂടെ നിരാകാരനെ തന്നെയാണ് ഓർമ്മ വരുന്നത്. നിരാകാരനായ പരമാത്മാവിനെ തന്നെയാണ് ആരാധിക്കുന്നത്. ആ ബാബ പറയുന്നു ഞാനും ആത്മാവാണ് എന്നാൽ *സുപ്രീമാണ്*. എന്റെ ചിത്രവും ഉണ്ടാക്കാറുണ്ട്. നിങ്ങൾ ആത്മാക്കളുടെ ചിത്രവും ഉണ്ടാക്കാറുണ്ട്. ക്ഷേത്രങ്ങളിൽ വലിയ ശിവലിംഗവും വെയ്ക്കാറുണ്ട് ചെറിയ സാളിഗ്രാമവുമുണ്ട്, അതിലൂടെ അത് ആത്മാക്കളാണെന്നും ഒരു പരമാത്മാവിന്റെ സന്താനങ്ങളാണെന്നും വ്യക്തമാകുന്നു. അച്ഛൻ സദാ കുട്ടികളേക്കാളും വലുതായിരിക്കും അതുകൊണ്ടാണ് വലിയ ലിംഗം ഉണ്ടാക്കുന്നത്. വാസ്തവത്തിൽ ഞാൻ വലിയ സാളിഗ്രാമമൊന്നുമല്ല. ആത്മാവ് വലുപ്പത്തിൽ ചെറുതോ വലുതോ ഇല്ല. മനുഷ്യർ ചെറുതും വലുതുമുണ്ട്, ബാക്കി നിങ്ങളുടെ ആത്മാവ് എതുപോലെയാണോ അതുപോലെയാണ് എന്റേതും. അതിൽ എന്റെ ആത്മാവ് പരമമാണ്, എല്ലാത്തിനും ഉപരിയായ പരംധാമിൽ വസിക്കുന്നവനാണ്. ഉയർന്നതിലും ഉയർന്നത് മനുഷ്യസൃഷ്ടിയുടെ ബീജരൂപൻ പരംപിതാ പരമാത്മാവാണ്. ബീജമെന്ന് രചയിതാവിനെയാണ് പറയുന്നത്. ഏതുപോലെയാണോ ജഡവിത്ത് നടുകയാണെങ്കിൽ അതിൽ നിന്ന് ആദ്യം തൈ വരുന്നത്. അതുപോലെ നോക്കൂ എങ്ങനെയാണ് ആത്മാവിന്റെ രൂപമെന്ന്. ശരീരത്തിന് എത്ര വലുപ്പമാണ്. അപ്പോൾ ആദ്യത്തെ പുതിയ കാര്യം ഇതാണ് ഇവിടെ പരമാത്മാ പിതാവാണ് പഠിപ്പിക്കുന്നത്. ഉയർന്നതിലും ഉയർന്ന ഭഗവാനുവാചയാണെങ്കിൽ പരീക്ഷയും ഉയർന്നതിലും ഉയർന്നതായിരിക്കും. ഭഗവാൻ പറയുന്നു ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു, അതിലൂടെ 21 ജന്മത്തേക്ക് നിങ്ങളെ ദേവതയാക്കുന്നു. പിന്നീട് നിങ്ങൾക്കിതിൽ വേണമെങ്കിൽ സൂര്യവംശിയുമാകാം ചന്ദ്രവംശിയുമാകാം. പദവികൾ ധാരാളമുണ്ട്. മുഴുവൻ രാജധാനിയുടെയും സ്ഥാപനയാണ് നടക്കുന്നത്. ഇതാണ് സംഗമയുഗം. ബാബ മനസ്സിലാക്കി തരുന്നു നിങ്ങൾ ഈ ജന്മത്തേക്ക് വേണ്ടിയല്ല പഠിക്കുന്നത്. ഇത് ഭാവിയിലേക്കുള്ള സമ്പാദ്യമാണ് ബാക്കി എന്തെല്ലാമാണോ ചെയ്യുന്നത് അതെല്ലാം ഈ

ജന്മത്തേക്കുള്ളതാണ്. മനുഷ്യർ കരുതുന്നത് വരാനുള്ളത് എന്തിനാണ് ഇപ്പോൾ ചിന്തിക്കുന്നത്, വരാനുള്ളത് വരുമ്പോൾ കാണാം എന്നാണ്. നിങ്ങൾ കുട്ടികൾ നിശ്ചയം വരുത്തുന്നു നമ്മൾ വരാനിരിക്കുന്ന ജന്മ-ജന്മാന്തരത്തേക്ക് വേണ്ടിയാണ് പഠിക്കുന്നത്. ബാബ വരാനിരിക്കുന്ന 21 ജന്മത്തേക്കുള്ള സമ്പത്താണ് നൽകുന്നത്. ഈ നിശ്ചയത്തോടെയാണ് നിങ്ങൾ പഠിക്കുന്നത്. നിശ്ചയമില്ലാതെ ഇവിടെ ആർക്കും ഇരിക്കാൻ സാധിക്കില്ല. ഇവിടെ ഒരു പണ്ഡിതനുമല്ല പഠിപ്പിക്കുന്നത്, എന്നാൽ നിരാകാരനായ ഭഗവാനാണ് പഠിപ്പിക്കുന്നത്. ആത്മാവിന് സന്തോഷമുണ്ട് ഞങ്ങളെ പരിധിയില്ലാത്ത ബാബയാണ് പഠിപ്പിക്കുന്നത്, ബാബയ്ക്ക് സ്വന്തം മനുഷ്യശരീരം ഇല്ല. സ്വയം പറയുന്നു നിരാകാരനായ എനിക്ക് ഈ ബ്രഹ്മാശരീരത്തിലേക്കാണ് വരേണ്ടത്. ഇത് അനാദിയും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്. നിങ്ങൾക്ക് ബുദ്ധിയിൽ എല്ലാം ഓർമ്മ വരുന്നു. മൂലവതനത്തിലാണ് നമ്മൾ ആത്മാക്കൾ വസിക്കുന്നത് നമ്മൾ ആത്മാക്കൾ പരംധാമത്തിൽ ബാബയോടൊപ്പം കഴിയുന്നവരാണ്, അതിനെയാണ് ബ്രഹ്മാണ്ഡമെന്ന് പറയുന്നത്. മറ്റൊരു മനുഷ്യന്റെയും ബുദ്ധിയിൽ ഈ കാര്യങ്ങളില്ല. നമ്മൾ ആത്മാക്കൾ തീർത്തും ചെറിയ നക്ഷത്രങ്ങളാണ്. പൂജിക്കുന്നതിനായി വലുതുണ്ടാക്കിയിരിക്കുന്നു. അല്ലാതെ ഇത്രയും വലിയ ആത്മാവിന് ഇവിടെ ഭ്രുകുടിയിൽ ഇരിക്കാൻ സാധിക്കില്ല. പറയാറുണ്ട് ഭൃകുടി മദ്ധ്യത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന അദ്ഭുത നക്ഷത്രം.... നക്ഷത്രം എത്ര ചെറുതാണ്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ അവിനാശീ നാടകമാണ്. ഓരോ ആത്മാവിലും അവിനാശിയായ *പാർട്ട്* അടങ്ങിയിട്ടുണ്ട്, ഓരോരുത്തരും അവരവരുടെ പാർട്ട് ആവർത്തിക്കുന്നു. ഇതിൽ അൽപം പോലും വ്യത്യാസം ഉണ്ടാകുകയില്ല. *സിനിമയിലും* ഒരു പ്രാവശ്യം *പാർട്ടഭിനയിച്ച്* കഴിഞ്ഞാൻ പിന്നീടത് *ആവർത്തിക്കും*, ഇതിൽ മാറ്റം സംഭവിക്കുക സാധ്യമല്ല. ഈ കാര്യങ്ങൾ തീർത്തും പുതിയതാണ്. കോടിയിൽ ചിലർ മാത്രമാണ് മനസ്സിലാക്കുന്നത്. 8-10 വർഷമായവർ പോലും പഠിത്തത്തെ ഉപേക്ഷിക്കുന്നു, സംഗദോഷം ബാധിക്കുന്നു. ഈ പഠിത്തം ഇങ്ങനെയുള്ളതാണ് ഏതുവരെ ജീവിച്ചിരിക്കുന്നുവോ, അത് വരെ പാനം ചെയ്തുകൊണ്ടിരിക്കൂ. അന്ത്യം വരേയ്ക്കും ഈ പഠിത്തം നടന്നുകൊണ്ടിരിക്കും. ഈ പഠിത്തം നമ്മൾ വരാനിരിക്കുന്ന 21 ജന്മങ്ങളിലേക്കായാണ് പഠിക്കുന്നത്. കുട്ടികൾക്ക് നമ്മളെ ഭഗവാനാണ് പഠിപ്പിക്കുന്നത് എന്ന ലഹരി ഉയരുന്നുണ്ട്. ഏതെങ്കിലും രാജാവിന്റെ കുട്ടിയെ അഥവാ രാജാവ് തന്നെയാണ് പഠിപ്പിക്കുന്നതെങ്കിൽ പറയും എന്റെ പിതാവ്, മഹാരാജാവാണ് എന്നെ പഠിപ്പിക്കുന്നത്. ഇവിടെ പതിത-പാവനനായ പിതാവാണ്, ആ അച്ഛനാണ് നമ്മളെ പഠിപ്പിക്കുന്നത്. രാജയോഗം അഭ്യസിപ്പിക്കുന്നു. ഉള്ളിൽ സദാ വളരെ സന്തോഷമുണ്ടായിരിക്കണം. നമ്മൾ ഈശ്വരീയ വിദ്യാർത്ഥികൾ, ഈശ്വരീയ പിതാവ്, പരംപിതാ പരമാത്മാവിൽ നിന്ന് സ്വർഗ്ഗത്തിന്റെ സ്വരാജ്യം നേടിക്കൊണ്ടിരിക്കുന്നു. എത്ര സഹജമായ കാര്യമാണ്. എന്നാൽ ഈ പഠിത്തത്തിൽ മായയുടെ വളരെയധികം വിഘ്നങ്ങളുമുണ്ടാകുന്നു. പോകെ-പോകെ പഠിത്തത്തെ പോലും ഉപേക്ഷിക്കുന്നു. ഈ ആത്മീയ പഠിത്തം ദിവസവും പഠിക്കേണ്ടതുണ്ട്, ഇതിന് വേണ്ടി തന്നെയാണ് ഈ *ടേപ്പ് റെക്കോർഡുകളെല്ലാം* ഒരുക്കിയിട്ടുള്ളത്. മനുഷ്യർ പഠിക്കുന്നതിനായി അമേരിക്കയിലേക്കും ലണ്ടനിലേക്കുമെല്ലാം പോകുന്നു. ഇവിടെ വീട്ടിൽ കഴിയുന്നവർ പോലും പൂർണ്ണമായും പഠിക്കുന്നില്ല. പരംപിതാ പരമാത്മാവ് നമ്മളെ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് മനസ്സിലാക്കുന്നില്ല. ഭഗവാൻ ത്രികാലദർശിയാണ്, മുക്തിദാതാവാണ്, വഴികാട്ടിയാണ്, നോക്കൂ എത്ര മഹിമയാണ്. എന്നാൽ നിങ്ങളിൽ പോലും വളരെ വിരളം പേരാണ് ബാബയെ അറിയുന്നത്.

ഈ സമയം നിങ്ങൾ ഗുപ്തമാണ്. നിങ്ങൾക്കറിയാം നമ്മൾ മൂലവതനത്തിൽ വസിക്കുന്നവരാണ് പിന്നീട് സൂക്ഷ്മവതനവുമുണ്ട്. ആ സൂക്ഷ്മ വതനത്തിൽ കുമാരിമാർ പോകാറുണ്ട്. മനുഷ്യർ സാക്ഷാത്ക്കാരം ചെയ്യുന്നു. നിങ്ങൾ യഥാർത്ഥത്തിൽ പോകുന്നു. സൂക്ഷ്മവതനത്തിൽ നിങ്ങൾ ബ്രാഹ്മണരുടേയും ദേവതകളുടെയും കൂടികാഴ്ച നടക്കുന്നു. അതാണ് ബ്രാഹ്മണരുടെയും ദേവതകളുടെയും സംഗമം. ഇതാണ് ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും സംഗമം. അവിടേക്ക് പ്രസാദവുമായി പോകുന്നു. അന്തിമത്തിൽ ധാരാളം സാക്ഷാത്ക്കാരമുണ്ടാകും. ഏതുപോലെയാണോ കന്യകയെ പിതൃഗൃഹത്തിൽ നിന്ന് ഭർതൃ ഗൃഹത്തിലേക്ക് കൊണ്ട് പോകുമ്പോൾ വളരെ ആഘോഷത്തോടെ വാദ്യങ്ങളെല്ലാം മുഴക്കുന്നത്, അതുപോലെ അന്തിമത്തിൽ ധാരാളം സാക്ഷാത്ക്കാരമുണ്ടാകും. ആരംഭത്തിൽ നിങ്ങൾ വളരെയധികം കണ്ടിട്ടുണ്ട് ഇനി അന്തിമത്തിലും വളരെയധികം കാണും. പഠിച്ചുകൊണ്ടേയിരിക്കണം അപ്പോൾ മാത്രമാണ് കാണുക. കർമ്മബന്ധനങ്ങളൊന്നുമില്ലെങ്കിൽ പഠിത്തത്തിൽ പൂർണ്ണമായ ശ്രദ്ധ നൽകണം. ആരുടെയെങ്കിലും ബന്ധു മരിക്കുകയാണെങ്കിൽ മസ്സിലാക്കുന്നു ഇനി ഇവർക്ക് നല്ല രീതിയിൽ പഠിക്കാൻ സാധിക്കും എന്തുകൊണ്ടെന്നാൽ കർമ്മബന്ധനം ഇല്ലാതായിരിക്കുന്നു. ഇപ്പോൾ നന്നായി പുരുഷാർത്ഥം ചെയ്യൂ നല്ല പദവി നേടൂ. ഈ ജ്ഞാനം വളരെ അദ്ഭുതകരമാണ്. ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു - പറയുന്നു കുട്ടികളേ തെറ്റ് വരുത്തരുത്. മായ നിങ്ങളുടെ ദീപം പെട്ടെന്ന് തന്നെ അണയ്ക്കും, അതുകൊണ്ട് ബാബയെ നല്ല രീതിയിൽ ഓർമ്മിക്കണം പഠിക്കണം. ഏതുവരെ ഇവിടെ ഇരിക്കുന്നുവോ

നേരിട്ട് കേൾക്കുന്നതിലൂടെ ലഹരി ഉയരുന്നു. പുറത്തേക്ക് പോയാൽ ലഹരി അപ്രത്യക്ഷമാകുന്നു. ഏതുപോലെയാണോ സംഗം അതുപോലെ നിറം വരുന്നു. ബന്ധനമില്ലെങ്കിൽ ഇരുന്ന് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യൂ.

വളരെ നല്ല ചിത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ബാബ യുക്തികൾ രചിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമവാസികൾ എങ്ങനെ പഠിക്കും! ഇത് *സ്ലൈഡുകളിലൂടെയും* പഠിക്കാൻ സാധിക്കും. ദിനം പ്രതിദിനം പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കും. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ദിവസവും സ്വദർശനചക്രം കറങ്ങണം. ബുദ്ധിയിൽ ഉണ്ടായിരിക്കണം അപ്പോഴല്ലേ ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കൂ. അല്ലെങ്കിൽ ഇവർക്ക് പഠനത്തിൽ ശ്രദ്ധയില്ലെന്ന് *ടീച്ചർ* മനസ്സിലാക്കും. വളരെ ദേഹ-അഭിമാനമുണ്ട്. മിത്ര സംബന്ധി, ശരീര ബോധം തുടങ്ങിയ ഓർമ്മകളുണ്ട്, അതുകൊണ്ടാണ് ധാരണയുണ്ടാകാത്തത്. പിന്നീട് ഞാൻ പറയും ഭാഗ്യത്തിലില്ല. എത്രയാണ് തലയിട്ടടിക്കുന്നത് എന്നിട്ടും ശ്രീമത്തിലൂടെ നടക്കുന്നില്ല. കുട്ടികൾ ചോദിക്കാറുണ്ട് ബാബാ എന്താണ് സംഭവിക്കുന്നത്? ബാബ പറയും നിങ്ങൾ ശരിക്കും പഠിക്കുന്നില്ല, ഇതിൽ ആശീർവ്വാദത്തിന്റെ കാര്യമില്ല. ഞാൻ പഠിപ്പിക്കുന്നു, നിങ്ങൾ നിങ്ങളുടെ മേൽ പഠിക്കാനുള്ള കൃപ കാണിക്കൂ. ശ്രീമതത്തിലൂടെ നടക്കുക - ഇതാണ് കൃപ. നടക്കുന്നില്ലെങ്കിൽ തന്റെ മേൽ അകൃപ കാണിച്ച് ശാപിതരാകുന്നു. ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നില്ല, രാവണന്റെ മതത്തിലൂടെ നടന്ന് സ്വയത്തെ ശപിക്കുന്നു. ബാബ സമ്പത്ത് നൽകാനാണ് വന്നിരിക്കുന്നത്. ആശീർവ്വദിക്കുന്നു ചിരഞ്ജീവി ഭവ, ജീവിച്ചുകൊണ്ടേയിരിക്കൂ അർത്ഥം സ്വർഗ്ഗവാസിയായി ഭവിക്കൂ, സ്വർഗ്ഗത്തെ തന്നെയാണ് അമരപുരിയെന്ന് പറയുന്നത്. അമരനാഥൻ തന്നെയാണ് ഇങ്ങനെയുള്ള ആശീർവ്വാദം ചെയ്യുന്നത്. അമരപുരിയുടെ ദേവതകൾ പവിത്രമായിരുന്നില്ലേ. പരിധിയുള്ള സംബന്ധങ്ങളിൽ നിന്നും മറ്റും മോഹത്തിന്റെ ത്യാഗം ചെയ്യുക തന്നെ വേണം. ഇപ്പോൾ ബാബയുടെ അടുത്തേക്ക് പോകണം. ബാബ പറയുന്നു ദേഹത്തിന്റെ മോഹത്തിൽ നിന്നാണ് നിങ്ങൾക്ക് ഇവിടെയുള്ള ഓർമ്മ വരുന്നത് അതുകൊണ്ട് ദേഹീ-അഭിമാനിയാകൂ എങ്കിൽ അന്തിമത്തിൽ മുക്തിധാമത്തിന്റെയും സുഖധാമത്തിന്റെയും ഓർമ്മ വരും. ശാന്തിധാമവും സുഖധാമവും, ഇതാണ് ദുഃഖധാമം. ആദി-മദ്ധ്യ-അന്ത്യം, പുതിയ ലോകം, നടുവിലുള്ള ലോകം, പഴയ ലോകം. എപ്പോൾ പകുതി സമയം പൂർത്തിയാകുന്നുവോ പിന്നീട് പഴയ ലോകത്തിന്റെ പേര് ആരംഭിക്കുന്നു. ഈ പഴയ ലോകം ഇപ്പോൾ പുതിയതായിക്കൊണ്ടിരിക്കുന്നു. വീണ്ടും എങ്ങനെയാണ് പുതിയതായിക്കൊണ്ടിരിക്കുന്നത്, അത് വന്ന് നോക്കൂ. മനസ്സിലാക്കൂ. എന്നാൽ കോടിയിൽ ചിലർ മാത്രമാണ് ശ്രദ്ധ നൽകി മനസ്സിലാക്കുന്നത്. ആയിരങ്ങളും ലക്ഷങ്ങളും വരുന്നു അതിൽ നിന്ന് 2-4 പേരെ ലഭിക്കുന്നു. ഇതിലും തണുത്ത് പോകുന്നുണ്ട്. ഒരു പ്രദർശിനിയിൽ നിന്ന് 2-4 പേരെങ്കിലും നിലനിൽക്കുകയാണെങ്കിൽ അഹോ സൗഭാഗ്യമാണ്. ദിനം പ്രതിദിനം ഈ പ്രദർശിനിയും വൃദ്ധിപ്രാപിക്കും. പോകെ പോകെ ഒരു ദിവസം തന്നെ പതിനായിരം പേർ വരും. വലിയ-വലിയ *ഹാളുകളും*, വലിയ-വലിയ ചിത്രങ്ങളും ഉണ്ടാകും. മനസ്സിലാക്കി കൊടുക്കുന്നുവരും തീവ്രമായിരിക്കും. അന്തിമത്തിൽ മഹിമ വരിക തന്നെ വേണം. പറയും അല്ലയോ പ്രഭൂ, പതിത ലോകത്തെ പാവനമാക്കുന്നതിനുള്ള അങ്ങയുടെ വഴി എല്ലാത്തിൽ നിന്നും വ്യത്യസ്തമാണ്. ഭക്തിയുടെ ശീലം വളരെയധികം പതിഞ്ഞിട്ടുണ്ട്. നഷ്ടം സംഭവിക്കുകയോ ആരെങ്കിലും മരിക്കുകയോ ചെയ്യുകയാണെങ്കിൽ ഗുരുക്കൻമാർ പറയും കണ്ടില്ലേ - ഭക്തി ഉപേക്ഷിച്ചു അതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മായാവീ വിഘ്നങ്ങൾ ഉണ്ടാകും, ശ്രീമതം ഉപേക്ഷിക്കരുത്. മായാ വളരെ വലിയ മോഹിനിയാണ്, എത്ര *പരിഷ്കാരിയായിരിക്കുന്നു*. ഞങ്ങൾക്കിതുതന്നെയാണ് സ്വർഗ്ഗമെന്ന് കരുതുന്നു. മായയുടെ അതിപ്രസരം, രാവണരാജ്യത്തിന്റെ പതനമാണ്. ശാസ്ത്രത്തിന്റെ കാരണത്താൽ മായയുടെ *ഷോ* വളരെ കൂടുതലാണ്. കരുതുന്നു ഗാന്ധിജി സ്വർഗ്ഗമുണ്ടാക്കിയിരിക്കുകയാണ്. നിങ്ങൾക്കിപ്പോൾ സ്വർഗത്തിന്റെ ജ്ഞാനം ലഭിച്ചിരിക്കുന്നു അതുകൊണ്ടാണ് ഇത് നരകമാണെന്ന് മനസ്സിലാക്കുന്നത്. ഈ രാവണ രാജ്യം മരുഭൂമിയിലെ വെള്ളം പോലെ മൃഗ തൃഷ്ണയ്ക്ക് സമാനമാണ്. (ദുര്യോധനന്റേയും ഉദാഹരണമുണ്ടല്ലോ) ഈ രാജ്യം ഇല്ലാതായിക്കഴിഞ്ഞു. കൽപത്തിന്റെ കാര്യമാണ്. കൽപ-കൽപം പുതിയലോകം ഉണ്ടായിക്കൊണ്ടിരിക്കുകയും പഴയത് ഇല്ലാതാകുകയും ചെയ്യുന്നു. ത്രിമൂർത്തീ ശിവനുമുണ്ട്. ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു, ശങ്കരനിലൂടെ വിനാശവും സംഭവിക്കണം. പിന്നീട് ആരാണോ രാജയോഗം പഠിക്കുന്നത് അവർ രാജ്യം ഭരിക്കും. ദൈവീക സ്വരാജ്യം സ്ഥാപിച്ച് പിന്നീട് ജന്മ-ജന്മാന്തരം അതിന്റെ പാലന നടത്തും. ഇത് ബുദ്ധിയിൽ ധാരണ ചെയ്യണം എന്നിട്ട് സേവനം ചെയ്യണം. സത്യമായ ഗീതാ പഠിതാക്കൾ നിങ്ങളാണ്. കേൾക്കുക, കേൾപ്പിക്കുക, മുള്ളുകളെ പൂക്കളാക്കുക. നിങ്ങൾ അരകൽപത്തേക്ക് ദുഃഖത്തിൽ നിന്ന് മുക്തമാകുന്നു. ഞായറാഴ്ച എല്ലാവരും *ഫ്രീ* ആകാറില്ലേ. അതുപോലെ നിങ്ങൾ അരകൽപം ദുഃഖത്തിൽ നിന്ന്, കരച്ചിലും നിലവിളിയിൽ നിന്നും മുക്തമാകുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാ

വുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) കർമ്മബന്ധനത്തിൽ നിന്ന് മുക്തമായി ആത്മീയ പഠിത്തം ദിവസവും പഠിക്കണം. ഏതുവരെ ജീവിക്കുന്നുവോ, പഠിത്തം തീർച്ചയായും പഠിക്കണം.

2) പരിധിയുള്ള സംബന്ധങ്ങൾ അഥവാ ദേഹത്തിൽ നിന്ന് മോഹത്തിന്റെ ത്യാഗം ചെയ്ത് തന്റെ ശാന്തിധാമത്തെയും സുഖധാമത്തെയും ഓർമ്മിക്കണം. സംഗദോഷത്തിൽ നിന്ന് സ്വയത്തെ സംരക്ഷിക്കണം.

**വരദാനം:- മനസ്സ്-ബുദ്ധി- സംസ്കാരത്തെയും സർവ്വ കർമ്മേന്ദ്രിയങ്ങളെയും നീതി പൂർവ്വം നടത്തിക്കുന്ന സ്വരാജ്യ അധികാരിയായി ഭവിക്കട്ടെ.**

സ്വരാജ്യ അധികാരീ ആത്മാക്കൾ തങ്ങളുടെ യോഗശക്തിയിലൂടെ ഓരോ കർമ്മേന്ദ്രിയങ്ങളേയും ആജ്ഞയനുസരിച്ച് നടത്തിക്കും. കേവലം ഈ സ്ഥൂല കർമ്മേന്ദ്രിയങ്ങൾ മാത്രമല്ല, മറിച്ച് മനസ്സ്-ബുദ്ധി -സംസ്കാരങ്ങളെയും രാജ്യ അധികാരിയുടെ നിർദ്ദേശം അഥവാ നീതിക്കനുസരിച്ച് നടത്തിക്കുന്നു. അവർ ഒരിക്കലും സംസ്കാരങ്ങൾക്ക് വശപ്പെടുകയില്ല, മറിച്ച് സംസ്കാരങ്ങളെ തന്റെ വശത്താക്കി ശ്രേഷ്ഠ നീതിപ്രകാരം കാര്യങ്ങളിൽ ഉപയോഗിക്കുന്നു, ശ്രേഷ്ഠ സംസ്കാര പ്രകാരം സംബന്ധ-സമ്പർക്കങ്ങളിൽ വരുന്നു. സ്വരാജ്യ അധികാരീ ആത്മാവിന് സ്വപ്നത്തിൽ പോലും ചതിവ് പറ്റുകയില്ല.

**സ്ലോഗൻ:- ക്രിയാത്മകതയാകുന്ന വിശേഷത ധാരണ ചെയ്യൂ, എങ്കിൽ സഫലത ലഭിച്ചു കൊണ്ടിരിക്കും.**